**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6873** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം താലൂക്കിൽ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം താലൂക്കിൽ ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളിൽമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഒറ്റപ്പാലം താലൂക്കിൽ ഭൂമി തരം മാറ്റുന്നതിന് ലഭിച്ച അപേക്ഷകളിൽമേൽ തീർപ്പ് കൽപ്പിക്കാനുള്ളവയുടെ വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ഐറ്റി അനുബന്ധ സൗകര്യങ്ങളും ഫീൽഡ് പരിശോധനയ്ക്കായി ആവശ്യമായ വാഹന സൗകര്യവും താല്കാലിക ജീവനക്കാരുടെ സേവനവും അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) തയ്യാറാക്കി നല്കിയിട്ടുള്ളതാണ്. കൂടാതെ, ശേഷിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ തീർപ്പാക്കുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ അടിയന്തിരമായി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്കും കൃഷി ഓഫീസർമാർക്കും രേഖാമൂലം നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. തീർപ്പാക്കാനുള്ള അപേക്ഷകളുടെ കൃത്യമായ എണ്ണം റിപ്പോർട്ട് ചെയ്യുന്നതിനും തീർപ്പാക്കൽ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽ കുന്നതിനും അപേക്ഷകൾ / തീർപ്പായ അപേക്ഷകൾ, ലഭിച്ച ഫീസ്, തുടങ്ങിയ വിവര ങ്ങളെല്ലാം ആർഡിഒ മാരിൽ നിന്നും നാളതീകരിക്കുകയും ചെയ്തു വരുന്നു. റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുമായി എല്ലാ ആഴ്ചയിലും ചേരുന്ന റവന്യൂ സെക്രട്ടേറിയറ്റ് ഈ വിഷയം അവലോകനം ചെയ്ത് സമയാസമയങ്ങളിൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകി കൊണ്ട് ഭൂമി തരം മാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | വില്ലേജ് | ഓൺ ലൈൻ പെന്റിംഗ് | ഓഫ് ലൈൻ പെന്റിംഗ് |
|---|---|---|---|
| 1 | അമ്പലപ്പാറ -1 | 40 | 3 |
| 2 | അമ്പലപ്പാറ ‖ | 67 | 12 |
| 3 | അനങ്ങനടി | 74 | 2 |
| 4 | ചളവറ | 218 | 10 |
| 5 | ചെർപ്പുളശ്ശേരി | 117 | 2 |
| 6 | കടമ്പഴിപ്പുറം– 1 | 20 | 0 |
| 7 | കടമ്പഴിപ്പുറം–II | 33 | 0 |
| 8 | കരിമ്പുഴ–\| | 23 | 0 |
| 9 | കരിമ്പുഴ–‖ | 11 | 2 |
| 10 | ലക്കിടിപേരൂർ–1 | 44 | 2 |
| 11 | ലക്കിടിപേരൂർ–11 | 87 | 4 |
| 12 | നെല്ലായ | 205 | 24 |
| 13 | ഒറ്റപ്പാലം – 1 | 134 | 8 |
| 14 | ഒറ്റപ്പാലം –II | 97 | 7 |
| 15 | ഷൊർണ്ണൂർ–1 | 120 | 7 |
| 16 | ഷൊർണ്ണൂർ–II | 123 | 16 |
| 17 | ശ്രീകൃഷ്ണപുരം–1 | 22 | 2 |
| 18 | ശ്രീകൃഷ്ണപുരം–11 | 17 | 0 |
| 19 | തൃക്കടേരി–1 | 45 | 4 |
| 20 | തൃക്കടേരി–11 | 29 | 2 |
| 21 | വാണിയംകുളം–1 | 189 | 21 |
| 22 | വാണിയംകുളം–11 | 102 | 21 |
| 23 | വെള്ളിനേഴി | 32 | 1 |
| 24 | പൂക്കോട്ടുകാവ് | 55 | 3 |
|  | ആകെ | 1904 | 153 |